കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നബാർഡ് - RIDF – അംഗനവാടി കെട്ടിട നിർമ്മാണം - നബാർഡ് അനുവദിക്കുന്ന തുകയിൽ അധികരിക്കുന്ന തുക ബന്ധപ്പെട്ട പഞ്ചായത്തുകൾ വഹിക്കുന്നതിനും കെട്ടിട നിർമ്മാണം ഉത്തരവ് തീയതി മുതൽ പത്ത് മാസത്തിനകം പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാ.ധാ)നം.1307/2013/തസ്വഭവ തിരുവനന്തപുരം, തീയതി, 17.05.2013

===================================================================================

പരാമർശം:- 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 09.01.2013-ലെ ഐ.സി.ഡി.എസ്/എ2-24301/12 നമ്പർ കത്ത്.
2. ഗ്രാമവികസന കമ്മീഷണറുടെ 10.04.2013-ലെ 4511/ആർ & ഐ3/13/ സി.ആർ.ഡി നം.കത്ത്.
3. 09.05.2013-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി 3.17 നമ്പർ തീരുമാനം

## ഉത്തരവ്

RIDF സ്കീമിൽ സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന അംഗൻവാടി കെട്ടിട നിർമ്മാണത്തിന് നബാർഡ് അനുവദിക്കുന്ന 7 ലക്ഷം രൂപയിൽ അധികരിക്കുന്ന തുക ബന്ധപ്പെട്ട പഞ്ചായത്തുകൾ വഹിക്കുന്നതിനും ഉത്തരവ് തീയതി മുതൽ 10 മാസത്തിനകം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ഉത്തരവ് നൽകണമെന്ന് പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ സർക്കാരിനോടാവശ്യപ്പെടുകയുണ്ടായി.

RIDF -ൻ കീഴിലുള്ള അംഗൻവാടി നിർമ്മാണ പ്രവൃത്തികളുടെ സ്റ്റേറ്റ് ഷെയർ സാമൂഹ്യനീതി വകുപ്പ് തന്നെ കണ്ടെത്തുന്ന സാഹചര്യത്തിൽ 7 ലക്ഷം രൂപയിൽ അധികരിക്കുന്ന തുക വഹിക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിനെ അറിയിക്കുകയുണ്ടായി. ഇക്കാര്യം പരാമർശം (3) പ്രകാരമുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം അംഗീകരിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നബാർഡ് RIDF-ൻ കീഴിലുള്ള അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ഏഴ് ലക്ഷം രൂപയിൽ അധികരിക്കുന്ന തുക ബന്ധപ്പെട്ട പഞ്ചായത്ത് വഹിക്കേണ്ടതാണെന്നും കെട്ടിട നിർമ്മാണം ഉത്തരവ് തീയതി മുതൽ 10 മാസത്തിനകം പൂർത്തീകരിച്ചിരിക്കണമെന്നും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എസ്.ഡി.സുനിൽകമാർ,
അണ്ടർ സെക്രട്ടറി

To

1. സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
2. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന).
5. എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ